# കേരളസർവകലാശാല

നം.പി.ആർ.197/2021

## പത്രക്കുറിപ്പ്

### കേരളസർവകലാശാല കോളേജുകളും പഠനവകുപ്പുകളും ഓഫ് ലൈൻ ക്ലാസുകൾക്കായി ഒരുങ്ങുന്നു

ഒക്ടോബർ 4 മുതൽ ഓഫ് ലൈൻ ക്ലാസുകൾ നടത്താനായി കേരളസർവകലാശാല പഠനവകുപ്പുകളും അഫിലിയേറ്റഡ് കോളേജുകളും ഒരുക്കങ്ങൾ ആരംഭിച്ചു. അതിന്റെ ഭാഗമായി പ്രോ-വൈസ് ചാൻസലർ ഡോ.പി.പി.അജയകുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രിൻസിപ്പൽമാരുടെ യോഗം കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ക്ലാസുകൾ നടത്തുന്നതിനുവേണ്ട തയ്യാറെടുപ്പുകൾ നടത്താൻ തീരുമാനിച്ചു. സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ.കെ.എച്ച്.ബാബുജാൻ, അഡ്വ.എ.അജികുമാർ എന്നിവരും യോഗത്തിൽ സംബന്ധിച്ചു. കോളേജുകളിൽ അഞ്ചാം സെമസ്റ്റർ യു.ജി., മൂന്നാം സെമസ്റ്റർ പി.ജി. എന്നീ ക്ലാസുകൾക്ക് ആയിരിക്കും തുടക്കത്തിൽ ഓഫ് ലൈൻ ക്ലാസുകൾ നടത്തുക. കോളേജ് തല ജാഗ്രതാ സമിതികൾ രൂപീകരിക്കാനും ഓൺലൈൻ - ഓഫ് ലൈൻ ക്ലാസുകൾക്ക് വേണ്ടി പ്രത്യേക ടൈംടേബിൾ രൂപീകരിക്കാനും തീരുമാനിച്ചു. ഒക്ടോബർ 4 ന് മുമ്പായി അദ്ധ്യാപകരുടേയും രക്ഷകർതൃ സമിതിയുടേയും യോഗങ്ങൾ നടത്തി വേണ്ട നടപടികൾ കൈക്കൊള്ളാൻ പ്രിൻസിപ്പൽമാരെ യോഗം ചുമതലപ്പെടുത്തി. പ്രിൻസിപ്പൽമാരുടെ അഭിപ്രായം മാനിച്ച് ഒക്ടോബർ 4 ന് തുടങ്ങുന്ന ആദ്യ സെമസ്റ്റർ പരീക്ഷ മാറ്റിവയ്ക്കാനും യോഗം തീരുമാനിച്ചു.

### പരീക്ഷാഫലം

കേരളസർവകലാശാല 2021 ആഗസ്റ്റിൽ നടത്തിയ ബി.കോം. ആന്വൽസ്കീം പ്രൈവറ്റ് സപ്ലിമെന്ററി ആന്റ് ഫൈനൽ ഇയർ ഒൺലി ഏപ്രിൽ 2021 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായും ഓഫ്‌ലൈനായും 2021 ഒക്ടോബർ 8 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല 2021 ഒക്ടോബർ 4 ന് നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്./സി.ആർ. പരീക്ഷകൾ ഒക്ടോബർ 25 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. മറ്റു പരീക്ഷകൾക്ക് മാറ്റമില്ല.

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം വഴിയുള്ള ഒന്ന്, രണ്ട് സെമസ്റ്റർ എം.എൽ.ഐ.എസ്.സി. (2018 അഡ്മിഷൻ റെഗുലർ, 2017 അഡ്മിഷൻ സപ്ലിമെന്ററി) മെയ് 2021 വിജ്ഞാപന പ്രകാരമുള്ള പരീക്ഷയുടെ 'lism54 Information Technology Applications' പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 4 ന് കാര്യവട്ടം ക്യാമ്പസിലെ എഞ്ചിനീയറിംഗ് കോളേജിന്റെ ഇന്റർനെറ്റ് ലാബിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരള സർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.ടെക്. (2013 സ്കീം) കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ object-oriented പ്രോഗ്രാമിംഗ് ലാബ്, ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ ഡെവലപ്മെന്റ് ലാബ് എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 4 നും ഇൻഫർമേഷൻ ടെക്നോളജി ബ്രാഞ്ചിന്റെ ഡിജിറ്റൽ സർക്യൂട്ട് ലാബ് ഒക്ടോബർ 4 നും ഡേറ്റാബേസ് ലാബ് ഒക്ടോബർ 1 നും കാര്യവട്ടം എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## എം.എസ്.സി. അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ് മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സീറ്റ് ഒഴിവ്

കേരള സർവകലാശാലയിൽ ഈ വർഷത്തെ എം.എസ്.സി. അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ്, എം.എസ്.സി. പ്രോഗ്രാമിന് മത്സ്യതൊഴിലാളികളുടെ കുട്ടികൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ ഒഴിവുണ്ട്. ബി.എസ്.സി. സുവോളജി,അക്വാകൾച്ചർ, ഫിഷറീസ് കോഴ്സുകൾ 50 ശതമാനം മാർക്കോടെ പാസായവർ ഒക്ടോബർ 4 ന് രാവിലെ 11 മണിക്ക് മതിയായ രേഖകൾ സഹിതം കാര്യവട്ടത്തെ വകുപ്പ് ഓഫീസിൽ ഹാജരാകണം.

## എസ്.ടി. സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ പഠന ഗവേഷണ വകുപ്പുകളിൽ എം.എ. സോഷ്യോളജി, എം.എസ്.സി. ഇന്റഗ്രേറ്റീവ് ബയോളജി, മാത്തമാറ്റിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഫിനാൻസ് ആന്റ് കമ്പ്യൂട്ടേഷൻ, അപ്ലൈഡ് അക്വാകൾച്ചർ, എം.എൽ.ഐ.എസ്.സി. എന്നീ പ്രോഗ്രാമുകൾക്ക് 2021-23 ബാച്ച് അഡ്മിഷന് എസ്.ടി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഒക്ടോബർ 1 ന് രാവിലെ 11 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകളുമായി നേരിട്ട് ഹാജരാകേണ്ടതാണ്.

<u>ഐ.എം.കെ. – എം.ബി.എ. സീറ്റ് ഒഴിവ്</u>

കേരളസർവകലാശാലയിലെ കാര്യവട്ടം ക്യാമ്പസിലെ ഐ.എം.കെ.യിൽ എം.ബി.എ. ട്രാവൽ ആന്റ് ടൂറിസം കോഴ്സിന് സീറ്റ് ഒഴിവുണ്ട്. താൽപ്പര്യമുളളവർ ഒക്ടോബർ 1 ന് രാവിലെ 10 മണിക്ക് കാര്യവട്ടം ഐ.എം.കെ.യിൽ കൗൺസിലിംഗിന് ഹാജരാകേണ്ടതാണ്. അഡ്മിഷൻ മെരിറ്റ്, റിസർവേഷൻ അടിസ്ഥാനത്തിലായിരിക്കും.

**തിരുവനന്തപുരം,**
**29.09.2021.**

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**